പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3253 — 21.08.2017-ലെ മറുപടിക്ക്

# റിസർവ് കണ്ടക്ടർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. വഴി നിയമന ശിപാർശ ലഭിച്ചവർക്ക് ഒരു വർഷം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്കാണ് ഇങ്ങനെ നിയമന ഉത്തരവ് നൽകാത്തത് ; വിശദവിവരം നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ നിയമന ശുപാർശ ലഭിച്ച 4051 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ.സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്ക്കരിച്ച് സിംഗിൾ ഡ്യൂട്ടി ആക്കുവാനും കോർപ്പറേഷനിലെ ബസ്സ് ജീവനക്കാരുടെ അനുപാതം പുന:ക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്ക്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി ആയി മാറുമ്പോൾ നിലവിൽ കോർപ്പറേഷനിൽ കണ്ടക്ടർ വിഭാഗം ജീവനക്കാർ അധികമായി മാറുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ച ശേഷം, ടി ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്. |
| (ബി) | റിസർവ് കണ്ടക്ടർ തസ്തികയുടെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട് ; എന്നാണ് ഇവരുടെ നിയമനം നടന്നിട്ടുള്ളത്; നിലവിലെ റാങ്ക് ലിസ്റ്റിന് മുൻപുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | റിസർവ് കണ്ടക്ടർ തസ്തികയിലെ നിയമനത്തിനായിട്ടുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ല. 31.12.2016-ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 9300 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ മുൻപുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി.യിൽ ഉണ്ടായ ഒഴിവുകൾ എത്രയാണ്; ഈ ഒഴിവുകൾ എല്ലാം നിയമനത്തിനായി പി.എസ്.സി.യ്ക്ക് ശിപാർശ ചെയ്തി ട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം എന്താണ്; | (സി) | കെ. എസ്. ആർ. ടി. സിയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്ക്കരിച്ച് സിംഗിൾ ഡ്യൂട്ടി ആക്കുവാനും കോർപ്പറേഷനിലെ ബസ്സ് ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്ക്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി ആയി മാറുമ്പോൾ നിലവിൽ കോർപ്പറേഷനിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ അധികമായി മാറുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ. എസ്. ആർ. ടി. സി. യിൽ ഉണ്ടായ ഒഴിവുകൾ കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലികമായി കണ്ടക്ടർമാർ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുണ്ട് ഇപ്രകാരം ജോലി നോക്കുന്നത്; പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിയ്ക്കുന്നവരെ ഇവർക്ക് പകരമായി നിയമനം നൽകാറുണ്ടോഎന്നറിയിക്കാമോ? | (ഡി) | നിലവിൽ കോർപ്പറേഷനിൽ എംപാനൽ ജീവനക്കാർ കണ്ടക്ടർ വിഭാഗത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ 4160 പേർ ജോലി ചെയ്യുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിലും, സ്ഥിരം ജീവനക്കാരുടെ അവധി കാലയളവുകളിലും സുഗമമായി സർവ്വീസ് നടത്തുവാൻ വേണ്ടി മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല ടി ജീവനക്കാരുടെ നിയമനം, ജോലിയിൽ നിന്നും മാറ്റിനിർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഹർജികളിന്മേലുള്ള അന്തിമ വിധിക്ക് അനുസരിച്ച് മാത്രമേ കോർപ്പറേഷന് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**